# സെന്റ് തോമസ് എൽ പി സ്കൂൾ പുള്ളിക്കാനം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026



# സ്കൂൾ ഫാക്കൽറ്റി



സി മിനി വി കെ

Headmistress




മാഗീനാ കെ ജോർജ്

LPST(M)



ലിജി ജോസഫ്

LPST(M)



ആനി മാത്യു എം

LPST(T)



സ്റ്റഫി മാത്യു

LPST (M)



ബാബു ജി

LPST(T)



അമൃത പി

LPST(T)



ലക്ഷ്മി വി

LPST(T)

# ആമുഖം

"പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്"

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിരുത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് സെന്റ് തോമസ് എൽ പി സ്കൂൾ പുള്ളിക്കാനം. എല്ലാവരുടെയും പിന്തുണയാൽ വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടരാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാന പൂർവം സമർപ്പിക്കട്ടെ .



# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : സെന്റ് തോമസ് എൽ പി സ്കൂൾ പുള്ളിക്കാനം |
| മേൽവിലാസം | : പുള്ളിക്കാനം പി ഒ, വാഗമൺ ഇടുക്കി |
| ഫോൺ | : 9072264395 |
| സ്കൂൾ കോട് | : 30405 |
| വിദ്യാഭ്യാസ ഉപജില്ല | : പീരുമേട് |
| വിദ്യാഭ്യാസ ജില്ല | : ഇടുക്കി |
| റവന്യു ജില്ല | : ഇടുക്കി |
| ബി. ആർ. സി. | : പീരുമേട് |
| സി ആർ സി | : ഏലപ്പാറ |
| ഗ്രാമ പഞ്ചായത്ത് | : ഏലപ്പാറ |
| ബ്ലോക്ക് പഞ്ചായത്ത് | : അഴുത |
| ജില്ലാ പഞ്ചായത്ത് | : ഇടുക്കി |
| നിയമസഭാ മണ്ഡലം | :പീരുമേട് |
| ലോക സഭാ മണ്ഡലം | : പീരുമേട് |
| താലൂക്ക് | :പീരുമേട് |
| വില്ലേജ് | : വാഗമൺ |
| ഇ മെയിൽ | : stthomaslpsp@gmail.com |

# സെന്റ് തോമസ് എൽ പി സ്കൂൾ പുള്ളിക്കാനം

ഇടുക്കി ജില്ലയിലെ പീരുമേട് വിദ്യാഭ്യാസ ഉപജില്ലയിലെ ഏലപ്പാറ ഗ്രാമ പഞ്ചായത്തിൽ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന നയന മനോഹരമായ വിദ്യാഭ്യാസ സ്ഥാപനമാണ് സെന്റ് തോമസ് എൽ പി എസ്.  ഇത് ഒരു എയ്ഡഡ് വിദ്യാലയമാണ്.

അധ്വാന ശീലരായ മനുഷ്യർ നട്ടും നനച്ചും പുല്ലുകാനത്തെ പുള്ളിക്കാനം എന്ന ഹരിതാഭയാർന്ന നാടാക്കി മാറ്റിയപ്പൊൾ ഇവിടുത്തെ ഇളം തലമുറക്ക് അറിവിന്റെ വെളിച്ചം പകരാൻ പള്ളിയോട് ചേർന്ന് ഉദയം ചേർന്ന നക്ഷത്രമാണ് സെന്റ് തോമസ് എൽ പി സ്കൂൾ. പുള്ളിക്കാനം എസ്റ്റേറ്റ് കാഞ്ഞിരപ്പള്ളി കൊല്ലം കളംകാരുടെ ഉടമസ്ഥതയിൽ ആയിരുന്ന കാലത്ത് 1957-ൾ സ്ഥാപിതമായതാണ് ഈ സ്കൂൾ. 1969-ൽ ചങ്ങനാശ്ശേരി കോർപ്പറെറ്റ് മാനേജ്മെന്റിന് ഈ സ്കൂൾ കൈമാറി.  തുടർന്ന് കാഞ്ഞിരപ്പള്ളി രൂപത രൂപംകൊണ്ടപ്പോൾ കാഞ്ഞിരപ്പള്ളി കോർപ്പറേറ്റിനു കീഴിലായി.

പുള്ളിക്കാനം നിവാസികൾ മധ്യ തിരുവിതാംക്കൂറിൽ നിന്നും തമിഴ്നാടിന്റെ ഏതാനും ഭാഗങ്ങളിൽ നിന്നും കുടിയേറി പാർത്തവർ ആയതിനാൽ ഇവിടെ മലയാളം മീഡിയത്തൊട് ഒപ്പം തമിഴ് മീഡിയവും അനുവദിക്കപ്പെട്ടു . പുള്ളിക്കാനത്തിന്റെ ഹൃദയത്തിൽ ജ്വലിച്ചു നില്ക്കുന്ന ഈ വിദ്യാലയം എന്നും ഈ നാടിനു ഒരു അഭിമാനമായി നിലകൊള്ളുന്നു.



## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2.കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന, പൊതുവിജ്ഞാനം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുന്നു

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. കമ്പ്യൂട്ടർ ലാബ് കൂടുതൽ ഫലപ്രദമാക്കുന്നു.

7. വ്യക്തിഗത പി.ടി.എ./ കോർണർ പി.ടി.എ.കൾ എന്നിവ ചേരും.

8. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ, ടി. എൽ. എമ്മുകൾ ലഭ്യമാക്കും.

9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. നേച്ചർ ക്ലബ്ബ് കൂടുതൽ ഫലപ്രദമാവുകയും, പച്ചക്കറി തോട്ടം മെച്ചപ്പെടുത്തുകയും ചെയ്യും.

14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കു ന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# <u>അക്കാദമികം</u>

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• മികച്ച ഭാഷാ പരിശീലനം ( ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി)<br>• ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായിക. പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്തു എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല, സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥപരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥപരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ |

| | |
|---|---|
| | എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്,  സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ഐ.സി.ടി യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു . കെ -ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. ( പ്രത്യേകമായി OSS കുട്ടികൾ )
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- ക്ലാസ്സ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

- • ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- • ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- • ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- . ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
- • ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- . ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- സാമൂഹികാവബോധം
- . ജനാധിപത്യ വേദികൾ ഒരുക്കുക.
- . സമൂഹത്തിന്റ്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- . ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- . ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി

- വിവര വിനിമയ സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

- • നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- . പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- • ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## <u>தமிழ்</u>

- எல்லா குழந்தைகளும் கருத்துக்களை புரிந்து கொண்டு வாசிக்கவும் எழுதவும் வேண்டிய திறனை பெறுதல்.
- கேரளா பாடநூல் லட்சியம் வைக்கும் தமிழ் மொழிக் கல்வியில் கற்றல் அடைவுகள் முழுவதுமாய் மாணவர்களிடம் கொண்டு சேர்த்தல்.
- வாசிப்பு மற்றும் எழுத்தின் மூலம் மொழித்திறன் வளர்ச்சிக்கான சூழ்நிலையை வகுப்பறையில் உருவாக்குதல்.
- தமிழ் வழி கல்வி கொடுக்கும் கற்றல் அடைவுகள் முழுமையாக மொழிப்பாடத்தில் உள்ளது என்பதை உறுதி செய்தல்.
- தமிழ் மொழி இலக்கிய மன்றங்கள் உருவாக்கி இயல் இசை நாடகத்திலும் மாணவர்களை உற்சாகப்படுத்துதல்.
- மொழி கற்றலில் ஐ.டி வாய்ப்புகள்,மற்றும் சூழ்நிலைகள் உருவாக்குதல், முழுமையாக பயன்படுத்துதல்.
- வித்யா ரங்கம் தமிழ் கலை விழா போன்ற விழாக்களில் முடிந்தவரை எல்லா குழந்தைகளையும் பங்கு பெற செய்தல்

# മലയാളം /പഠന പിന്നോക്കാവസ്ഥ

പ്രവർത്തനം :1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിയ്ക്കു മുന്നിൽ കുട്ടികൾക്കു പരിചയപെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ലിജി tr | 1000 |

പ്രവർത്തനം :2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർ ത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക . | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു .പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

പ്രവർത്തനം :3
പേര് : അസംബ്ലി വായന
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്കു കഴിയുന്നു. | ആഴ്ചയിൽ ഒരു അസംബ്ലി യിൽ ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം :4
പേര് : വായന കോർണർ
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വയനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം :5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | പി. ടി. എ | 5000 |

പ്രവർത്തനം :6
പേര് :ക്ലാസ്സ്തല കയ്യെഴുത്തു മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്ക ുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു ക്ലാസ്സ് തല കയ്യെഴുത്തു മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം :7
പേര് : ക്ലാസ്സ് തല പതിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ, ക്ലാസ്സിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്സ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവു ം | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8
പേര് : എന്റെ വായന കുറിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായന കാർഡ് ) വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9
പേര് : കയ്യെഴുത്തു മാസികകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർ ത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്കു സർഗ്ഗത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്തു മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടെമിലും | വിദ്യാരംഭം ഭാഷ ക്ലബ് | 1500 |

പ്രവർത്തനം :10
പേര് : രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷ ക്ലബ് | 2000 |

പ്രവർത്തനം :11
പേര് : സർഗ്ഗവേള
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായനാ കാർഡ് ) വായനക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12
പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക
ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കു പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ലിജി tr, മഗീന tr, ആനി tr,അമുത tr | 3000 |

# <u>ഇംഗ്ലീഷ്</u>

പ്രവർത്തനം :1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം :2
പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തേക്കുറിച്ചു ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.ജൂൺ - പരിസ്ഥിതി ജൂലൈ - ചന്ദ്രൻ ഓഗസ്റ്റ് - സ്വാതന്ത്ര്യ ദിനം സെപ്റ്റംബർ - ഓണം ഒക്ടോബർ - ഗാന്ധി നവംബർ - കേരളം. ഡിസംബർ -x mas | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 4
പേര് :reading card workshop
ഉപ മേഖല :വായന സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ് | 1000 |

പ്രവർത്തനം 5
പേര് :work sheet work shop
ഉപ മേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | അധ്യാപകരുടെ നേതൃത്വത്തിൽഭിന്ന നിലവാരയ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു | ജൂലൈ | എസ് ആർ ജി | 4000 |

# தமிழ்

**செயல்பாடு I**

**பெயர் : தாய்மொழி - தமிழ் மொழி**

**நோக்கம்: அடிப்படை மொழித் திறன்களை வளர்த்தல்**

| **லட்சியம்** | **செயல்பாடுகள்** | **காலம்** | **பொறுப்பு** |
|---|---|---|---|
| தாய் மொழியாம் தமிழ் மொழியில் அடிப்படை மொழித் திறன்களைப் பெறுதல் | • ஆரம்ப வகுப்பிலிருந்தே மொழித்திறன்களை வளர்த்தல்<br>• முன்னறிவை பரிசோதித்தல்<br>• எழுத்துகளின் திட அறிவு<br>• வாக்கியங்கள் அமைத்தல்<br>• மொழி விளையாட்டுகள் | இரண்டு மாதங்கள் | வகுப்பு ஆசிரியர் |

## செயல்பாடு 2

**பெயர் : தமிழ் மழலை வாசிப்பு**

**நோக்கம்:சரளமான வாசிப்பு திறன்**

| **லட்சியம்** | **செயல்பாடுகள்** | **காலம்** | **பொறுப்பு** |
|---|---|---|---|
| கேரளா பாடநூல் முன்வைக்கும் தமிழ் மொழி கல்வியின் அனைத்து அடிப்படை திறன்களும் கற்றல் அடைவுகளும் | • வாசிப்பு போட்டிகள்<br>• ஒவ்வொரு வகுப்பிலும் நூலகம்<br>• பள்ளி நூலகம்<br>• வாசிப்பு குறிப்புகள்<br>• தமிழ் செய்தித்தாள் வாசிப்பு மற்றும் | ஜூன் முதல் மார்ச் வரை | வகுப்பு ஆசிரியர் |

| | | | |
|---|---|---|---|
| பெறுதல் | வானொலி | | |

**செயல்பாடு 3**

**பெயர் :தமிழ் இலக்கிய மன்றம்**

**நோக்கம்:தமிழ் கலை இலக்கிய வளர்ச்சி**

| **லட்சியம்** | **செயல்பாடுகள்** | **காலம்** | **பொறுப்பு** |
|---|---|---|---|
| வாசிப்பின் மூலமும் எழுத்தின் மூலமும் தமிழ் மொழி கற்றலை வகுப்பறையில் சிறந்த முறையில் செயல்படுத்துதல் | • மாத இதழ்களை தயாரித்தல்<br>• வாசிப்பு குறிப்புகளை சேகரித்தல்<br>• சுவரொட்டிகள் தயாரித்தல்<br>• மொழி விளையாட்டுகள்<br>• கலை இலக்கிய மன்றங்கள் உருவாக்குதல் | ஜூன் முதல் மார்ச் வரை | வகுப்பு ஆசிரியர் |

## ഗണിതം

പ്രവർത്തനം 1
പേര്: ഗണിത വർക്ക് ഷീറ്റ് ശില്പശാല
ഉപ മേഖല: വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടെര്മിന്റെയും ന്റെയും തുടക്കത്തിൽ | എസ് എസ് ജി | 4000 |

പ്രവർത്തനം 2
പേര് :ഗണിത ലാബ് (ഗണിത മധുരം )
ഉപമേഖല:ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വാതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് നിർമിക്കൽ | 2024-2025 | സ്കൂൾ മാനേജ്മെൻറ് | 15000 |

പ്രവർത്തനം3
പേര്:ഗണിത മൂല
ഉപ മേഖല: ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 4
പേര് :യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല:യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 5
പേര് :ഗണിത ക്ലാസ് പിടിഎ
ഉപമേഖല:സി പി ടി എ ശാക്തികരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ H. W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു പിന്തുണ സംവിധാനം രക്ഷിതാക്കൾക്ക് നൽകുന്നു | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6
പേര് :ഗണിതം മധുരം
ഉപ മേഖല:ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായിപ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ (ക്യാമ്പുകൾ ശില്പശാലകൾ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം 1
പേര്;ശാസ്ത്ര പഠനോപകരണ ശില്പശാല
ഉപ മേഖല:ലാബ് ശക്തികരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിടങ്ങും വിധം ശില്പശാലകൾ ഷോപ്പുകൾ പ്രവർത്തികൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

പ്രവർത്തനം 2
പേര് :എൻറെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്
ഉപമേഖല:ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3
പേര് :പരീക്ഷണ കിറ്റ്
ഉപമേഖല:നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ പ്രക്രിയ ശേഷികളുടെ വളർച്ചകിണങ്ങും വിതമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3, 4 ക്ലാസ് ) ശാസ്ത്ര പരീക്ഷണങ്ങൾ ക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

## സാമൂഹികാവബോധം

പ്രവർത്തനം 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുകത്തിന് അവസരമൊരുക്കൽ.ചർച്ചകൾ, സംവാദങ്ങൾ ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം :2
പേര് :പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിനു സാംസ്കാരികമായ അതിന്റ തനിമ നിലനിർത്തുന്നതിനു. | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

പ്രവർത്തനം 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസ ത്തില ും | ക്ലാസ്സ് ടീച്ചർ | |

# വിവര വിനിമയ സാങ്കേതിക വിദ്യ

പ്രവർത്തനം 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടു ത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപെടുത്തൽ സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ. | ഓരോ മാസത്തി ലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2
പേര് : IT ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർ ത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്കു സ്വാതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർകൾ ഉപയോഗിക്കാനു ള്ള അവസരം. | IT, ICT പ്രവർത്തനങ്ങ ൾ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ, ഓഗസ്റ്റ് | SITC | |

## പ്രവൃത്തി പരിചയം

പ്രവർത്തനം 1
പേര് : പ്രവൃത്തി പരിചയ ശില്പശാല
ഉപമേഖല : നിർമാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമാണത്തിനു ള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക . | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്കു പരിശീലനം ലഭ്യമാക്കൽ. (ചന്ദത്തിരി, പാവ, ചോക്ക് etc ) | സെപ്റ്റംബ ർ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ -മാർച്ച് | SSG | |

പ്രവർത്തനം 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒരിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമാണ പ്രവത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | |

# സർഗ വേദി

പ്രവർത്തനം 1
പേര് : സർഗ വേദി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക.കുട്ടികളുടെ സർഗ്ഗത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗ വേദി നടത്തൽ. ( നേതൃത്വം : വിദ്യാർത്ഥികൾ ) | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം 2

പേര് : ടാലെന്റ് ലാബുകൾ

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | |

പ്രവർത്തനം 3

പേര് : പ്രകടന വേദികൾ

ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ, സ്കൂൾ പ്രവർത്തന മികവുകൾ മുതലായവ സ്കൂൾ ഇൻസ്റ്റാഗ്രാം പേജിൽ സമൂഹവുമായി പങ്കുവെക്കൽ. | ജൂൺ - മാർച്ച് | SRG CT | |

# <u>ആരോഗ്യ – കായിക വിദ്യാഭ്യാസം</u>

പ്രവർത്തനം 1

പേര് : കായികാരോഗ്യം

ഉപമേഖല : എയറോബിക്സ് എക്സർസൈസ്

| ലക്ഷ്യം | പ്രവർ ത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസിന്റെ ശക്തി കുട്ടികളെ ബോധ്യപെടുത്തി അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിനു പ്രാപ്തരാക്കുക. | എയറോബിക്സ്, അത്‌ലറ്റിക്സ് പരിശീലനം. | ജൂൺ - മാർച്ച് | HM, SRG, PTA | |

പ്രവർത്തനം 2

പേര് : ഹെൽത്ത് ചെക്കപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പു വരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്കപ്പ്. <br> ആരോഗ്യ ബോധവത്കരണ പരിപാടി സംഘടിപ്പിക്കൽ | ജൂൺ - സെപ്റ്റംബർ | PTA | |


thank
you